നം. കെ.എസ്.എ.കെ.റ്റി.എം.പി10-242/19 തീയതി. 06.03.2019

# കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.17മുതൽ 31.12.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 13.04.2018 ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31.01.2019 മുതൽ 13.02.2019 വരെ |

| | | |
|---|---|---|
| | ശ്രീമതി.ഇന്ദുലേഖ.എ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സുനിത.എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ദർശന.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. സ്മിത.റ്റി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ബേബിമോൾ എം. വർക്കി | 1-4-17 മുതൽ 31-3-18 വരെ |
| സെക്രട്ടറി | ശ്രീ.സി.പി.വേണുഗോപാൽ | 1.04.17 -05.06.17 |
| | ശ്രീ.തോമസ് സെബാസ്റ്റ്യൻ അസിസ്റ്റന്റ് സെക്രട്ടറി | 06.06.17 - 11.06.17 |
| | രാജേന്ദ്രൻ നായർ | 12.06.17-15.06.17 |
| | ബീമ.എം | 16.06.17-31.03.18 |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.തോമസ് സെബാസ്റ്റ്യൻ | 1.4.17 -31.03.18 |
| കൃഷി ഓഫീസർ | ശ്രീമതി ബിന്ദു റ്റി | 1.4.17 - 31.3.18 |
| അസി.എൻജിനീയർ | ശ്രീമതി രശ്മി എസ്. കുമാർ | 1.4.17 – 9.10.17 |
| | ശ്രീ.രഞ്ജിത്. എം | 9.10.17-12.10.17 |
| | ശ്രീമതി.രമ്യ.എം | 13.10.17-27.10.17 |
| | ശ്രീമതി രശ്മി എസ്. കുമാർ | 28.10.17-2.11.17 |
| | ശ്രീമതി നിഷ. എം.ബി | 3.11.17-11.01.18 |
| | ശ്രീ.കീർത്തി മാധവ് | 11.01.18-31-03-18 |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.കൃഷ്ണകുമാർ സി.ജെ. | 1.4.17 - 31.3.18 |
| വി.ഇ.ഒ | ശ്രീ.തോമസ് തോമസ്<br>ശ്രീ.സുജിത് കുമാർ.എസ്.വി | 1.4.17- 31.3.18 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സിന്ധു പി ജി | 1.4.2017 - 10.8.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയകുമാരി പി. ബി | 1.4.17 - 31.03.18 |
| മെഡി.ഓഫീസർ (ആയുർവേദം) | ഡോ. അനി പി പ്രകാശ് | 1.4.17 - 31.3.18 |
| മെഡി.ഓഫീസർ (ഹോമിയോ) | ഡോ.സന്തോഷ് കുമാർ | 1.4.17-31.3.18 |
| മെഡി.ഓഫീസർ (അലോപ്പതി) | ഡോ.ഓമന | 1.4.17 -31.3.18 |
| ഹെഡ്മാസ്റ്റർ | ശ്രീ. പ്രീതി രാജ് | 1.4.17 - 31.3.18 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി |

| | |
|---|---|
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം (മാന്വൽ പാർട്ട് 1 അനുബന്ധം ബി) |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കിലെ അപാകതകൾ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1-1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 2-1-2 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ അവ്യക്തത |
| 2-2-1 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-2-2 | സ്ഥാപനനികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ |
| 2-3 | ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ അപാകത |
| 2-4 | ഇ-ടെൻഡർ – ടെൻഡർ ഫോം വില തിരികെ ലഭിച്ചില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ശമ്പളം – അധികം തുക നൽകി |
| 3-2 | പത്രപ്പരസ്യം നൽകിയതിന് ഇളവ് ലഭിച്ചിട്ടില്ല |
| 3-3 | തൊഴിൽ രഹിത വേതനം – രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത |
| 3-4 | രേഖകൾ ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-5 | യാത്രാബത്ത- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല |
| 3-6 | മൃഗാശുപത്രിക്ക് മോട്ടോർ- പഴയ മോട്ടോർ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് |
| 3-7 | കന്നുകുട്ടി പരിപാലനം – വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് |
| 3-8 | ടെൻഡർ വ്യതിയാനം കുറവ് ചെയ്തില്ല- കരാറുകാരന് അധികം തുക നൽകി |
| 3-9 | കരക്കാട്ടുകുന്ന് അങ്കണവാടി മെയിന്റനൻസ് – പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്തിട്ടില്ല |
| 3-10 | കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്തയാളുടെ ടെൻഡർ നിരസിച്ച് കൂടിയ നിരക്ക് ക്വാട്ട് ചെയ്തയാൾക്ക് കരാർ നൽകി |
| 3-11 | കരാർ ഉടമ്പടി വയ്ക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല |

| | |
|---|---|
| 3-12 | അതുല്യം പദ്ധതി- തുടർ സാക്ഷരത ലക്ഷ്യം കൈവരിച്ചില്ല |
| 3-13 | ഞാലിയാകുഴി നാട്ടുചന്ത വിപണന കേന്ദ്രം- നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല |
| 3-14 | നിക്ഷേപപ്രവൃത്തിയ്ക്കു നൽകിയ തുക – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-15 | ഓഡിറ്റ് ഇംപാക്ട് |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017 -18വർഷത്തെ ബജറ്റ് 29.03.2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ

ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം | വ്യത്യാസം കൂടുതൽ | കുറവ് | ശതമാനം (+/_) |
|---|---|---|---|---|---|
| മുന്നിരിപ്പ് | 10828526 | 19580986 | 8752460 | | +80.8 |
| വരവ് | 159771000 | 64040722 | | 95730278 | -60 |
| ആകെ | 170599526 | 83621708 | | 86977818 | -51 |
| ചെലവ് | 163931000 | 60204658 | | 103726432 | -69 |
| നീക്കിയിരിപ്പ് | 6668526 | 23417050 | 16748524 | | |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവൃത്തികൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത്

ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങണം. ഇപ്രകാരം 17.03.2018-ൽ വാർഷിക ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 24.05.2018 | ബാധകമല്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 11.06.18-12.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 26.01.2018ലെ കെ.എസ്.എ.കെ.ടി.എം പി10/1132/2018 നമ്പറായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19580986 |
| വരവ് | 64040722 |
| ആകെ | 83621708 |

| | |
|---|---|
| ചെലവ് | 60204658 |
| നീക്കിയിരിപ്പ് | 23417050 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17525000 | 17525000 | 14138397 | | 3386603 | 79.77 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4261397 | 4261397 | 4026983 | | 234414 | 75.95 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 416831 | 416831 | 416831 | | -- | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6463000 | 6463000 | 4162554 | | 2300446 | 46.15 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3924000 | 3924000 | 2335657 | | 1588343 | 43.86 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13820885 | 13820885 | 8362038 | | 5458847 | 72.4 |
| കെ.എൽ.എസ്.ജി.ഡി.പി-കേന്ദ്രവിഹിതം | -0 | 38876 | 38876 | 38876 | | -- | |
| കെ.എൽ.എസ്.ജി.ഡി.പി – സംസ്ഥാനവിഹിതം | - | 701610 | 701610 | 563147 | | 138463 | 91.23 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 0 | 12349017 | 12349017 | 6433046 | | 5915971 | 52 |
| MGNREGS | 6559 | 7968088 | 7974647 | 7729333 | - | 245314 | 95 |
| എസ്.ബി.ടി, (ഐ.സി.ഡി.എസ്) | 495209 | 219137 | 714346 | 195450 | --- | 518896 | 27.37 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 0 | 3200000 | 3200000 | 2500000 | | 700000 | 78.12 |
| ബി ഫണ്ട് | -- | 53261780 | 53261780 | 53250140 | - | 11640 | 99 |

## 1-6 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18ലേത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ

സ്വയംഭരണവകുപ്പിന്റെ 9-1-2017ലെ സർക്കാർ ഉത്തരവ് (എം.എസ്)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജക്ടുകൾ 4/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 15-5-2017 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20-5-2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി -490/17-/DPC/DPO/KTM തീയതി 31.05.2018

ആകെ അടങ്കൽ-74808818 രൂപ
വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| ജനറൽ | ഉത്പാദനം | 18 | 17 | 10851083 | 7301239 | 67 |
| | സേവനം | 73 | 41 | 30663656 | 15838696 | 52 |

| | | | | | | |
|---|---|---|---|---|---|---|
| | പശ്ചാത്തലം | 118 | 65 | 27214379 | 15872196 | 58 |
| എസ്.സി.പി | ഉത്പാദനം | 1 | 1 | 250000 | 100000 | 25 |
| | സേവനം | 14 | 12 | 5167000 | 3953713 | 76 |
| | പശ്ചാത്തലം | ---- | -------- | ---- | ----- | |
| റ്റി.എസ്.പി | ഉത്പാദനം | ------------ | ----------- | --------------- | ----------------- | |
| | സേവനം | 4 | 3 | 662700 | 510606 | |
| | പശ്ചാത്തലം | ----------- | ---------------- | -------------- | ------------------- | |
| | ആകെ | 228 | 139 | 74808818 | 43576450 | 58.25 |

ആകെ 139 പ്രോജക്ടുകൾ നടപ്പിലാക്കി. അംഗീകാരം ലഭിച്ച 89പ്രോജക്ടുകൾ ഉപേക്ഷിച്ചു. 58.25 ശതമാനമായിരുന്നു ചെലവ്. എസ്.സി.പി ഫണ്ട് വിഹിതം പശ്ചാത്തല മേഖലയിലും റ്റി.എസ്.പി ഫണ്ട് വിഹിതം ഉത്പാദന-സേവനമേഖലയിലും വകയിരുത്തിയിട്ടില്ല. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

അംഗീകാരം ലഭിച്ച 228പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 13നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 6 | 5 | 3186000 | 1776550 | 55.7 |
| 2. | വെറ്ററിനറി സർജൻ | 5 | 5 | 1590500 | 836628 | 52 |
| 3. | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 2 | 2 | 400000 | 384070 | 96 |
| 4. | വി.ഇ.ഒ. | 8 | 6 | 5519355 | 4018335 | 72 |

| | | | | | | |
|---|---|---|---|---|---|---|
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| 6. | വി.ഇ.ഒ. | 2 | 2 | 5300000 | 4950000 | 93 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 7 | 6 | 5617769 | 4788180 | 85 |
| 8. | സെക്രട്ടറി | 22 | 16 | 15313388 | 7665982 | 51 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 153 | 81 | 30727381 | 13472857 | 40 |
| 10. | അസിസ്റ്റന്റ് സെക്രട്ടറി | 18 | 17 | 4104700 | 3384189 | 82.44 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 240000 | 165000 | 68.75 |
| 12 | ഹെഡ്മിസ്ട്രസ് | 2 | 2 | 149725 | 148669 | 99 |
| 13 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| | ആകെ | 228 | 139 | 74808818 | 43576450 | 58.25 |

ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോൽപന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ പതിവു ശൈലിയിലുള്ള വളംനൽകൽ, വിത്തുനൽകൽ, നെൽകൃഷിയ്ക്ക് കൂലിചെലവ് എന്നീ പ്രോജക്ടുകൾ മാത്രമാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്. കാർഷികമേഖലയിൽ പ്രോജക്ട് കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും കാർഷികമേഖയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല. പെട്ടി-പറ സ്ഥാപിയ്ക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ചിരുന്നെങ്കിലും നടപ്പാക്കിയില്ല.

പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി, പേവിഷബാധ നിയന്ത്രണം, ബോധവൽക്കരണക്ലാസ്, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ തുടങ്ങിയ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറിസർജൻ നിർവഹണം നടത്തിയത്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡി.ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖയിൽ നിർദ്ദേശിച്ച പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട

ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തുന്നുണ്ട്.

എസ്.സി, പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി വീടുകളുടെ ഗുണമേന്മാ വർദ്ധനവ്, പട്ടികവർഗവിഭാഗത്തിനുള്ള ഭവനപുനരുദ്ധാരണം തുടങ്ങിയ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വി.ഇ.ഒ നിർവഹിച്ചത്. കിണർ റീചാർജ്ജിംഗ് എന്ന പ്രോജക്ടിന്റെ നിർവ്വഹണം മികച്ചതായിരുന്നു.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്ട് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് പ്രോജക്ടുകൾ വയ്ക്കുകയും ചെയ്തു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ടെന്ന് അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഓഡിറ്റ് ടീമിന് ബോദ്ധ്യപ്പെട്ടു.

ഓഡിറ്റു വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ അതുല്യം പദ്ധതി, സ്കൂളുകൾക്ക് കസേരവാങ്ങൽ എന്നിവയായിരുന്നു. എസ്.എസ്.എ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സ്കൂളുകളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ജനറൽകമ്മിറ്റിക്ക് ശുപാർശ നല്കിയെങ്കിലും പരിശോധന നടത്തിയില്ല.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. ഇവയിൽ പ്രധാനം സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി ഇലക്ട്രിസിറ്റി ബോർഡിലേക്കുള്ള നിക്ഷേപപ്രവൃത്തികളാണ്. കൂടാതെ കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനായി ഭൂജലവകുപ്പിന് തുക നിക്ഷേപിക്കൽ, എസ്.എസ്.എ വിഹിതം, ഐ.കെ.എം പ്രവർത്തന ഫണ്ട്, തെരുവ് വിളക്കുകൾ മെയിന്റനൻസ് തുടങ്ങിയ പ്രോജക്ടുകളും സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്. കളിസ്ഥലത്തിന് ഭൂമി വാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കാൻ കഴിഞ്ഞില്ല.

## പൊതു മരാമത്ത് പ്രവൃത്തികൾ- പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും പോരായ്മകൾ

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2017-18 വർഷം പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 153 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 81 എണ്ണമാണ് നടപ്പിലാക്കിയത്. 30727381രൂപ വകയിരുത്തിയതിൽ 13472857രൂപ ചെലവഴിച്ചിട്ടുണ്ട് (40%). സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 81പ്രവർത്തികളിൽ 80%പ്രവർത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഒൻപത് അംഗൻവാടികളിൽ നവീകരണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമ സഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമ സഭയിലാണ്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 20 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 304 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 101-പ്രോജക്ടുകളിൽ 73എണ്ണം തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 24039 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1025 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ജലസേചന കനാൽ, മഴക്കുഴി നിർമ്മാണം, തോട് ആഴം കൂട്ടൽ എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വാകത്താനം ശാഖയിലെ 67062818766 അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

സാമ്പത്തിക നില (ക്യാഷ് ബുക്ക് പ്രകാരം)

| ഇനങ്ങൾ | തുക | ആകെ തുക |
|---|---|---|
| മുന്നിരിപ്പ് | 6559 | 6559 |
| വരവ് | | |
| ഇ.എഫ് .എം.എസ് വരവ് | 7145825 | 7145825 |
| തനതുഫണ്ട് | 293500 | |
| ഭരണപരമായ ചെലവുകൾ | 529508 | 529508 |

| | | |
|---|---|---|
| ബാങ്ക് പലിശ | 1696 | 1696 |
| ആകെ | 7968088 | 7968088 |
| ചെലവ് | | |
| ലേബർ ഇൻസെന്റീവ് | 6382644 | 6382644 |
| മെറ്റീരിയൽ കോസ്റ്റ് | 763181 | 763181 |
| അഡ്മിനിസ്ട്രേഷൻ കോസ്റ്റ് | 54000 | 54000 |
| ശമ്പളം | 486000 | 486000 |
| മറ്റിനങ്ങൾ | 43508 | 43508 |
| ആകെ | 7729333 | |
| നീക്കിയിരിപ്പ് | 238755 | 238755 |

ഇ എഫ് എം എസ് പ്രകാരമുള്ള വരവിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തുക വരവായി ഉൾപ്പെടുത്തിയിരുന്നില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 112 | 66360 |
| കർഷകതൊഴിലാളി പെൻഷൻ | 815 | 9960900 |
| വിധവാപെൻഷൻ | 796 | 9068000 |
| വാർദ്ധക്യകാലപെൻഷൻ | 2235 | 29793300 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 341 | 3698100 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 36 | 587500 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.02.2019തീയതിയിൽ 2:45 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 12136രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പൂർണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാന ഘടകം ആണ്. വാകത്താനം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ( ISO certification) പുരോഗമിക്കുന്നു. എങ്കിലും രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

1.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു

2.വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ, മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

3.കെട്ടിട നിർമ്മാണവും വസ്തുനികുതിയുമായിമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

4. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല.

5.വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.

6.വാടകയിനത്തിൽ കുടിശ്ശിക നില നിൽക്കുന്നുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് 13.02.2019 ലെ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/18-8/18 | 10.10.2018 – 15.10.2018 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.11.2013 മുതൽ 25.11.13 വരെ | 2008-2009 മുതൽ 2012-13 വരെ | LBA(HQ)II/8A-2037/32 dt.4.02.14 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി-വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള വരവ് ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതിയുടെ ഭാഗമായി വാകത്താനം എൽ.പി.സ്കൂൾ അറ്റകുറ്റപ്പണിക്ക് പാർട്ട് ബില്ലിൽ ചെലവിട്ട 1,28,439/- രൂപ ബാലൻസ് ഷീറ്റിലെ B-11(a)-ൽ (capital work in progress) ഉൾപ്പെടുത്തിയിട്ടില്ല.
3. സ.ഉ.(എംഎസ്)152/2011/തസ്വഭവ/26.07.2011 പ്രകാരം ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

4. B9 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
5. I-4(b), I-5(b) പ്രകാരമുള്ള മറ്റു വരവുകളുടെ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. ആകയാൽ ടി ഇനങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
6. തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(4)എച്ച്).

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ ആകെയുള്ള ഏഴ് മൊബൈൽ ടവറുകളിൽ ചുവടെ ചേർത്തിരിക്കുന്ന നാല് മൊബൈൽ ടെലഫോൺ ടവറുകളുടെയും വസ്തുനികുതി കുടിശ്ശികയുള്ളതായി "സഞ്ചയ" മുഖേന വസ്തുനികുതി പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിടനം | കുടിശ്ശിക എന്ന് മുതൽ |
|---|---|---|
| 1 | 3/57/A | 2007-08 |
| 2 | 3/186 | 2013-14 |
| 3 | 17/480A | 2008-09 |
| 4 | 20/471A | 2013-14 |

വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 2-1-2 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ അവ്യക്തത

ഗ്രാമപഞ്ചായത്തിലുള്ള ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ സഞ്ചയ പ്രകാരം ആരാധനാലയം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതായും സഞ്ചയയിലെ നികുതിനിർണയ വിശദാംശങ്ങളിൽ നികുതി ഇളവ് ചെയ്ത് നൽകിയിട്ടില്ല എന്നും രേഖപ്പെടുത്തി കാണുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ നമ്പർ | തറവിസ്തീർണ്ണം |
|---|---|---|
| 1 | 7/166 | 507.35 ച.മീ |

| | | |
|---|---|---|
| 2 | 8/588 | 618.8 ച.മീ |
| 3 | 8/590 | 673 ച.മീ |
| 4 | 15/313 | 300 ച.മീ |
| 5 | 20/85 | 450 ച.മീ |
| 6 | 20/291 | 450 ച.മീ |
| 7 | 20/464 | 484 ച.മീ |
| 8 | 7/167 | 83.03 ച.മീ |

ഈ കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് പരിശോധന നടത്തി വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 2-2-1 ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ 17 റേഷൻഷോപ്പുകളും 8 ക്ഷീരസംഘങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽകരം ഈടാക്കുന്നതായി കാണുന്നില്ല. 387 വ്യാപാരസ്ഥാപനങ്ങൾ തൻവർഷം ഡി.ആന്റ് ഒ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 41 വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമേ ഈടാക്കിയതായി കാണുന്നുള്ളു. പഞ്ചായത്തിലെ വിവിധ മരാമത്ത് ജോലികൾ ചെയ്തിരിക്കുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡിമാന്റ് നോട്ടീസുകൾ നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-2-2 സ്ഥാപനനികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ

വ്യാപാരസ്ഥാപനങ്ങളായ റോവൻ പൈപ്പ് ഫിറ്റിംഗ്സ്, മുരിക്കാട് റബ്ബേഴ്സ് എന്നിവ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല. പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകൾ എന്നിവ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ അപാകത

ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ ഫിലിപ്പ്.പി.ജേക്കബ്, പടിഞ്ഞാറേപ്പറമ്പിൽ എന്നയാൾ 422.72 ച.മീ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ടിയാന് എ4-2344/17 തീ.7.4.2017 പ്രകാരം 211.3

ച.മീ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് നൽകിയതായി കാണുന്നു. കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015ാം നം സർക്കുലറിലെ നിർദ്ദേശങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. സർക്കുലറിലെ 6-മത്തെ നിർദ്ദേശപ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേനമ്പർ, വിസ്തീർണം, കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ., നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, നിർദ്ദിഷ്ട നിർമ്മാണം കെട്ടിടനിർമ്മാണ നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവയും പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ, പ്ലാൻ എന്നിവ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണസ്ഥലത്ത് പ്രായോഗികതലത്തിൽ ലഭ്യമാണോയെന്നുള്ള വിവരം മുതലായവ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടത്തിന് പെർമിറ്റ് നൽകിയ ഓവർസിയറുടെ റിപ്പോർട്ടിൽ മേൽപ്പറഞ്ഞ വിശദാംശങ്ങളില്ല. അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടി തൃപ്തികരമല്ല. പെർമിറ്റ് നൽകിയത് കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിച്ചുകൊണ്ടാണെന്ന് ഉറപ്പുവരുത്തുകയും അപാകത പരിഹരിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 2-4 ഇ-ടെൻഡർ- ടെൻഡർ ഫോം വില തിരികെ ലഭിച്ചില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം വാകത്താനം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | അടങ്കൽ തുക | ലഭിക്കേണ്ട തുക |
|---|---|---|---|
| 129/18 വിലങ്ങൻപാറ കുവക്കട റോഡ് റീ ടാറിംഗ് | 3 | | 3540 * 3 =10620 |
| 216/18 തൃക്കോത എൽ.പി.എസ്. അനുബന്ധ സൗകര്യം | 2 | | 2010* 2 = 4020 |
| ആകെ | | | 14640 |

ഇ-ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശമ്പളം അധികം തുക നൽകി

ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീമതി രഞ്ജിനി.ജി.ആർ. -ന് 2017 ഫെബ്രുവരി മാസത്തെ പന്ത്രണ്ട് ദിവസത്തെ ശമ്പളമായി 13593/-രൂപ (11079+ 2068+446) (വൗച്ചർ നമ്പർ 21700011 തീ. 03.04.2017) നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾക്ക് അർഹമായ ശമ്പളം 12837 (11079 +1329+429) രൂപയാണ്. 756 രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 7.2.2019 ൽ നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-2 പത്രപ്പരസ്യം നൽകിയതിന് ഇളവ് ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി 2017-18 വർഷം പത്രപ്പരസ്യം നൽകിയപ്പോൾ 08.12.2015 ലെ സ.ഉ.നം.17/15/1&പി.ആർ.ഡി പ്രകാരം ബിൽ തുകയിൽ അനുവദനീയമായ 15 ശതമാനം ഇളവ് ലഭിച്ചതായി കാണുന്നില്ല. മൂന്ന് സെന്റിമീറ്റർ രണ്ട് കോളം വലിപ്പമുള്ള വിൻഡോപരസ്യം തയ്യാറാക്കി പത്രങ്ങൾക്ക് നൽകേണ്ടതും പൂർണ്ണരൂപത്തിലുള്ള പരസ്യം അതത് ഓഫീസുകളിൽ ലഭ്യമാക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശവും ഇവിടെ പാലിച്ചിട്ടില്ല.

| ക്രമനം | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 21700583 | 10.10.2017 | 7560 |
| 2 | 21700620 | 27.10.2017 | 7560 |
| 3 | 21700619 | 27.10.2017 | 7560 |
| 4 | 21700686 | 28.11.2017 | 4536 |
| 5 | 21700754 | 29.11.2017 | 4536 |
| 6 | 21700753 | 29.11.2017 | 4536 |
| 7 | 21700927 | 23.1.2018 | 7560 |
| 8 | 21700928 | 23.1.2018 | 9072 |

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 10.2.2019 ൽ നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-3 തൊഴിൽരഹിതവേതനം -രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത

കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ (1998) ചട്ടം 10 പ്രകാരം വേതനഗുണഭോക്താക്കളുടെ രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ ഒരു അക്വിറ്റൻസ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ഓരോ തവണ വേതനം വിതരണം ചെയ്യുമ്പോഴും തുക കൈപ്പറ്റിയതായി രജിസ്റ്ററിൽ ഒപ്പിട്ടുവിച്ച് വാങ്ങേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും 2017 ആഗസ്റ്റ് 29 -ാം തീയതി തൊഴിൽ രഹിത വേതനം വിതരണം ചെയ്തപ്പോൾ വിനീത കെ.റ്റി എന്നയാൾക്ക് 360 രൂപ നൽകിയതിന്റെയും 02.09.2017 ന് അഭിലാഷ് രാജൻ എന്നയാളിന് 600 രൂപ നൽകിയതിന്റെയും അക്വിറ്റൻസിൽ ഗുണഭോക്താക്കളുടെ ഒപ്പില്ല. തുക കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 രേഖകൾ ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

1.ഗ്രാമപഞ്ചായത്തിലെ 24.05.2017 ലെ 21700151-ാം നമ്പർ വൗച്ചർ പ്രകാരം 26715 /- രൂപ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തതിന് സി.ഡി.എസ് ചെയർപേഴ്സണ് നൽകിയിട്ടുണ്ട്. സെക്രട്ടറിക്കുള്ള സി.ഡി.എസ് ചെയർപേഴ്സന്റെ 3.5.2017 ലെ കത്തിൽ 20 വാർഡുകളിലായി 3033 കുടുംബങ്ങളിൽ പോയതിൻ പ്രകാരം തുക അനുവദിക്കണമെന്നപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം 5343 നോട്ടീസ് വിതരണം ചെയ്യുന്നതിന് 1 നോട്ടീസിന് 5 രൂപ നിരക്കിൽ 26715/-രൂപയാണ് നൽകിയിരിക്കുന്നത്. ചെലവിനാധാരമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തതിന്റെയും തുക വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2.11.4.2017 ലെ വൗച്ചർ നം. 21700045, 21700046 എന്നിവ പ്രകാരം സാക്ഷരതാ പ്രേരകുമാർക്ക് നൽകിയ 24000/ (12000+12000) രൂപയുടെ അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3.20.9.2017ലെ 21700502-ാം നം.വൗച്ചർ പ്രകാരം കൃഷ്ണകുമാർ കെ എന്ന ക്ലർക്കിന് കേരളോത്സവത്തിന് നൽകിയ 15000/ രൂപയുടെ അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4.ഞാലിയാകുഴി ബസ്സ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 11.01.2018 ലെ വൗച്ചർ നം 21700899 പ്രകാരം കെ.എസ്.ഇ.ബി ക്ക് 19729/- രൂപ നൽകിയിട്ടുണ്ട്. ടി പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതിന്റെ വിവരം വൗച്ചറിനൊപ്പമില്ല.

5.15.2.2018 ലെ 21701087 പ്രകാരം 5318/- രൂപ വാകത്താനം സാമൂഹികാരോഗ്യകേന്ദ്രത്തിന്റെ പരിധിയിലുള്ള കണ്ണൻചിറ സബ്സെന്ററിന്റെ ഇലക്ട്രിസിറ്റി ബിൽ കുടിശ്ശിക അടവാക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ, കുടിശ്ശിക വന്നതിന്റെ കാരണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ചെലവിനാധാരമായ രേഖകളുടെ അഭാവത്തിൽ 90762/- രൂപയുടെ (26715 + 24000+ 15000+ 19729+ 5318) ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 യാത്രാബത്ത- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 6.7.2017 ലെ 21700295 -ാം നം വൗച്ചർ പ്രകാരം 11375/-രൂപയും 10.01.2018 ലെ 21700891-ാം നം വൗച്ചർ പ്രകാരം 13125/-രൂപയും ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഡ്രൈവർക്ക് 01/2017മുതൽ 12/2017 വരെയുള്ള യാത്രാബത്തയിനത്തിൽ നൽകിയിട്ടുണ്ട്. ഇപ്രകാരം യാത്രാബത്ത നൽകിയപ്പോൾ റ്റി.എ സീലിംഗ് സംബന്ധിച്ച സർക്കാർ ഉത്തരവ് (പി) നം. 137/2016 ഫിൻ 09.09.2016 പ്രകാരം അനുവദനീയമായ പ്രതിമാസ/ത്രൈമാസ സീലിംഗ് പാലിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട 11.02.2019 ൽ നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ ജില്ലയ്ക്കുള്ളിൽ ടിയാൻ നടത്തിയ യാത്രകൾക്ക് ക്വാർട്ടർ സീലിംഗിന് (4140) ഉപരിയായി നൽകിയ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 മൃഗാശുപത്രിക്ക് മോട്ടോർ -പഴയ മോട്ടോർ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 171/18 |
| അടങ്കൽ (വികസന ഫണ്ട്- ജനറൽ) | 25000 |
| ചെലവ് | 21208 |

മൃഗാശുപത്രിക്ക് മോട്ടോർ പമ്പ് സെറ്റ് എന്ന പ്രോജക്ട് പ്രകാരം പഴയ മോട്ടോർ മാറ്റി പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. പഴയ മോട്ടോർ മൃഗാശുപത്രിയിൽ സൂക്ഷിച്ചിട്ടുള്ളതായി വെറ്ററിനറി സർജൻ മറുപടി നൽകി. മോട്ടോർ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 3-7 കന്നുകുട്ടി പരിപാലനം- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി (പ്രോ.നം.172/18) ഒരു ഗുണഭോക്താവിന് 6250/- നിരക്കിൽ 40 ഗുണഭോക്താക്കൾക്കുള്ള തുക 250000/- അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പേർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ കാലാവധി കഴിയുമ്പോൾ വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-8 ടെൻഡർ വ്യതിയാനം കുറവ് ചെയ്തില്ല -കരാറുകാരന് അധികം തുക നല്കി

| | |
|---|---|
| പ്രോജക്ട് നം. | 95/18 |
| പ്രോജക്ട് | കല്ലടപ്പടി വായനശാല റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | 56410 (13-ാം ധനകാര്യ കമ്മിഷൻ അവാർഡ്)<br>തനത് ഫണ്ട് -43590 |
| ചെലവ് | 90977 |

| | |
|---|---|
| ബിൽ നമ്പർ, ചെക്ക് നം | 66/24.3.18 - 56410<br>4844200/26.4.18 - 34567 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനീയർ |

മേൽ പ്രോജക്ടിന് റീ ടെൻഡർ ക്ഷണിച്ചതിൽ ലഭ്യമായ 2 ടെൻഡറുകളിൽ കുറഞ്ഞ നിരക്കിലുള്ള (1%) ശ്രീ. വർഗ്ഗീസ് കുര്യൻ എന്നയാളുടെ ടെൻഡർ 28.9.17-ലെ 1ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത്കമ്മിറ്റി അംഗീകരിക്കുകയും 20.10.17-ൽ കരാർവച്ച് പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ടെൻഡർ വ്യതിയാനം പരിഗണിക്കാതെ ബിൽ തയ്യാറാക്കിയതു മൂലം കരാറുകാരന് തുക അധികം നല്കിയിട്ടുണ്ട്. അധികച്ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | നല്കിയ തുക | നൽകേണ്ട തുക |
|---|---|---|
| ആകെ വേലമൂല്യം | 90977 | 90977 |
| ടെൻഡർ വ്യതിയാനം (1% കുറവ്) | - | 910 |
| ടെൻഡർ വ്യതിയാനം കിഴിച്ചുള്ള തുക | - | 90977– 910 = 90067 |
| ആകെ | 90977 | 90067 |
| നികുതി റിക്കവറികൾ<br>ആദായനികുതി 1%<br>KBOCWWF 1% | 910<br>910 | 910<br>910 |
| കരാറുകാരന് അർഹമായ തുക | 90977– 1820 = 89157 | 90067 - 1820<br>= 88247 |
| ബിൽ നം. | 66/24.3.18-56410<br>4844200/26.4.18-34567 | |
| അധികം നല്കിയ തുക | 910 | |

ഇപ്രകാരം ടെൻഡർ വ്യതിയാനം പരിഗണിക്കാതെ കരാറുകാരന് തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16/11.02.2019)

നല്കിയതിന് തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കി. അധികം നല്കിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 കരക്കാട്ടുകുന്ന് അങ്കണവാടി മെയിന്റനൻസ് - പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്തിട്ടില്ല

കരക്കാട്ടുകുന്ന് അങ്കണവാടിയുടെ അറ്റകുറ്റപ്പണികൾക്കായി പൊളിച്ചെടുത്ത സാധനങ്ങൾക്ക് അസി.എക്സി. എൻജിനീയറുടെ സർവേ റിപ്പോർട്ട് പ്രകാരം 2648 രൂപ വില നിശ്ചയിച്ചിട്ടുണ്ട്. സാധനങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 3-10 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തയാളുടെ ടെൻഡർ നിരസിച്ച് കൂടിയ നിരക്ക് ക്വാട്ട് ചെയ്തയാൾക്ക് കരാർ നൽകി

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ ക്ഷണിച്ചതിൽ താഴെ പറയുന്ന നിരക്കുകൾ ക്വാട്ട് ചെയ്ത് ടെൻഡറുകൾ ലഭിച്ചിരുന്നു.

| ക്രമ നം | പ്രോ.നം | കരാറുകാരൻ | | ആകെ വേല മൂല്യം |
|---|---|---|---|---|
| 1 | 30/18 ടാക്സിസ്റ്റാന്റിന് ചുറ്റുമതിൽ | ടി.കെ സിറിയക്ക് | 12.3% below | 276625 |
| | | ബെൻജി.ടി.പുന്നൂസ് | എസ്റ്റിമേറ്റ് റേറ്റ് | |
| 2 | 39/18 കൈതളവ് അങ്കണവാടി മെയിന്റനൻസ് | ടി.കെ സിറിയക്ക് | 6.3% below | 197094 |
| | | ബെൻജി.ടി.പുന്നൂസ് | എസ്റ്റിമേറ്റ് റേറ്റ് | |

ഇതിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്തത് ടി.കെ സിറിയക്ക് ആയിരുന്നു. എന്നാൽ പ്രവൃത്തി നൽകി കരാർ ഉറപ്പിച്ചത് ബെൻജി.ടി.പുന്നൂസ് എന്ന കരാറുകാരനാണ്. കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്തയാളുടെ ടെൻഡർ പ്രാഥമിക കരാർ ഉടമ്പടി പൂരിപ്പിച്ചില്ല, ലൈസൻസിന്റെ കോപ്പി ചേർത്തിട്ടില്ല എന്നീ കാരണങ്ങൾ കാണിച്ച് നിരസിച്ചതായി കാണുന്നു. കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം ടെൻഡറിലെ നിസ്സാര തെറ്റുകൾ

ടെൻഡർ തുറക്കുന്ന ഉദ്യോഗസ്ഥന് മാപ്പാക്കാനും അപാകത തിരുത്തിക്കാനും അധികാരമുണ്ട്. ടിയാളോട് ലൈസൻസിന്റെ കോപ്പി ഹാജരാക്കാൻ ആവശ്യപ്പെട്ടതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച കാരണങ്ങൾ ടെൻഡർ നിരസിക്കാനുള്ള കാരണമായി കണക്കാക്കാനാവുന്നതല്ല. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തയാളെ ഒഴിവാക്കി കൂടിയ നിരക്ക് ക്വാട്ട് ചെയ്തയാൾക്ക് കരാർ നൽകിയ നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. കുറഞ്ഞ നിരക്ക് അംഗീകരിക്കാതിരുന്നതിലൂടെ പ്രസ്തുത പ്രവൃത്തിയുടെ ബിൽതുകയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 കരാർ ഉടമ്പടി വയ്ക്കാൻ കാല താമസം - പിഴ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.(പി)നം. 13/2012/ PWD തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിയാണ് കരാർ ചമയ്ക്കേണ്ടത്.

| പ്രോജക്ട് നം | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 121/18<br>ചക്കുങ്കൽപ്പടി വേങ്ങമൂട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | ബേബി കുര്യാക്കോസ് | 7.10.17 | 23.10.17 | 272748 | 2727 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല.

കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 അതുല്യം പദ്ധതി - തുടർ സാക്ഷരത ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 207/18 |
| പ്രോജക്ട് | അതുല്യം പദ്ധതി |
| അടങ്കൽ | 100000 (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 98944 |
| ബിൽ നമ്പർ, ചെക്ക് നം | 1/14.3.18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, ഉണ്ണാമറ്റം.ജി.എൽ.പി.എസ് |

അതുല്യം പദ്ധതിയ്ക്കായി രണ്ട് സാക്ഷരതാ പ്രേരക്മാർ മുഖേന നടത്തിയ തൊഴിൽ പരിശീലനം, ബോധവല്ക്കരണ ക്ലാസുകൾ, സാക്ഷരതാ മീറ്റിംഗുകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് 98944 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | മറിയാമ്മ ചാക്കോ | മറിയാമ്മ ഐസക്ക് |
|---|---|---|
| സാക്ഷരത സർവ്വേയ്ക്ക് നല്കിയ തുക | 3000 | 4000 |
| സർവ്വേ വിവരങ്ങൾ ഓൺലൈൻ വഴി സബ്മിറ്റ് ചെയ്തതിന്റെ തുക | 5850 | 3000 |
| ബോധവൽക്കരണ ക്ലാസ് -( 2ദിവസം)-അലവൻസ് | 4000 | 4000 |
| തൊഴിൽ പരിശീലനം ( 2ദിവസം)-അലവൻസ് | 2000 | 2000 |
| ബാനർ | 3000 | 2800 |
| ഫോട്ടോ | 1810 | 1850 |
| 2 ദിവസത്തെ തൊഴിൽ പരിശീലനക്ലാസ്, 2ബോധവൽക്കരണ ക്ലാസ്, 1ദിവസത്തെ സാക്ഷരത മീറ്റിംഗ് എന്നിവയ്ക്ക് ഭക്ഷണമിനത്തിൽ ചെലവഴിച്ച തുക | 11520 | 13900 |

| | | |
|---|---|---|
| കുട നിർമ്മാണം – (തൊഴിൽ പരിശീലനം) മെറ്റീരിയൽസിന്റെ വില | 12325 | 12500 |
| തുണി സഞ്ചി (തൊഴിൽ പരിശീലനം) മെറ്റീരിയൽസിന്റെ വില | 3750 | 3750 |
| പഠനോപകരണങ്ങൾ വില | 1950 | 1939 |
| ആകെ | 49205 | 49739 |

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1.തുടർ വിദ്യാഭ്യാസത്തിൽ ഏറ്റെടുക്കേണ്ട മുഖ്യ പ്രവർത്തനങ്ങൾ അടിസ്ഥാന സാക്ഷരത നൽകൽ, തുല്യതാ ക്ലാസുകൾ എന്നിവയാണ്. പഞ്ചായത്തിൽ മേയ് മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ സാക്ഷരതാ ക്ലാസുകൾ എടുത്തതിന് ആധാരമായി അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് ഫയലിനൊപ്പം ഹാജരാക്കിയിരുന്നു. 25 പേർ വീതമുള്ള രണ്ട് ക്ലാസുകളിലായി 50 പേർ പഠനം നടത്തിയതായാണ് ഇത് പ്രകാരം വ്യക്തമാകുന്നത്. എന്നാൽ പഠിതാക്കളെ തുല്യതാ പരീക്ഷയ്ക്കായുള്ള പാഠങ്ങൾ പഠിപ്പിച്ച് സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷയ്ക്ക് സജ്ജരാക്കിയതായി കാണുന്നില്ല. ആയതിനാൽ തുല്യതാ പരീക്ഷയ്ക്കിരുത്തി 4-ാം തരം 7- ാം തരം എന്നീ നിലവാരത്തിലെത്തിച്ച് സർട്ടിഫിക്കറ്റ് നല്കുക എന്ന ലക്ഷ്യം കൈവരിച്ചിട്ടില്ല.

2.അടിസ്ഥാന സാക്ഷരത നേടിയോ എന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ യുക്തമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല

3.പ്രാദേശിക സംഘടനാ സമിതികളുടെ പങ്കാളിത്തത്തോടെ പഠിതാക്കൾക്ക് ലഘു ഭക്ഷണം നല്കാവുന്നതാണെന്ന് മാർഗ്ഗരേഖ വ്യക്തമാക്കുന്നു. എന്നാൽ പഞ്ചായത്തിൽ സാക്ഷരതയുടെ മീറ്റിംഗിനും തൊഴിൽ പരിശീലനത്തിനും ബോധവൽക്കരണ ക്ലാസുകൾക്കുമായി ഉച്ചഭക്ഷണമുൾപ്പെടെ (5ദിവസം) ഭക്ഷണമിനത്തിൽ വൻ തുക ചെലവഴിച്ചിട്ടുണ്ട്.

4.തൊഴിൽ പരിശിലനം നല്കുന്നതിന് ഗുണഭോക്തൃ വിഹിതമിനത്തിൽ തുക വകയിരുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ തുകകൾ പിരിച്ചെടുത്തിട്ടില്ല. വികസന ഫണ്ടിൽ നിന്നുമാണ് മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളത്. പ്രോജക്റ്റ് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചൂണ്ടിക്കാണിച്ച് 13.02.2019ൽ നൽകിയ 25-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വ്യക്തമായ മറുപടിയും ലഭ്യമാക്കിയിട്ടില്ല

ഇപ്രകാരം അതുല്യം പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിന് ടി തുക ചെലവഴിച്ചിട്ടില്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. അനാവശ്യ ചെലവുകൾ ഒഴിവാക്കി സമ്പൂർണ്ണ സാക്ഷരത എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-13 ഞാലിയാകുഴി നാട്ടു ചന്ത വിപണന കേന്ദ്രം - നാളിതു വരെ പ്രവർത്തനം ആരംഭിച്ചില്ല

അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം 212897രൂപ (ബിൽ നം.79/28.3.18) ചെലവഴിച്ച് നാട്ടുചന്ത വിപണന കേന്ദ്രത്തിനായി വാകത്താനം ടൗണിനോട് ചേർന്ന് തിരുവല്ല ഏറ്റുമാനൂർ ബൈപാസിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ടി കെട്ടിടം നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

ടി കെട്ടിടത്തിനോട് ചേർന്ന് വാകത്താനം പഞ്ചായത്തിന്റെ 2009-10 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചതും 24.4.10 ൽ ഉദ്ഘാടനം ചെയ്തതും അഞ്ച് ഷട്ടർ മുറികളുള്ളതുമായ കുടുംബശ്രീ ഉത്പന്ന വിപണന കേന്ദ്രം നാളിതുവരെ ഉപയോഗപ്പെടുത്താത്ത നിലയിലാണ്. ഇപ്രകാരം ഉത്പന്ന വിപണന കേന്ദ്രത്തിനായി നിർമ്മിച്ച ഒരു കെട്ടിടം 9വർഷം കഴിഞ്ഞിട്ടും ഉപയോഗപ്രദമാക്കാത്ത സാഹചര്യത്തിൽ വീണ്ടും അതിനോട് ചേർന്ന് വേറൊരു കെട്ടിടം കൂടി നിർമ്മിച്ച് ഉപയോഗിക്കപ്പെടാതെ അവശേഷിക്കുന്നത് സർക്കാർ പണത്തിന്റെ ദുർവിനിയോഗമാണ്. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20/11.02.2019) വെള്ളപ്പൊക്കം മൂലമാണ് നാട്ടുചന്ത പ്രവർത്തനം ആരംഭിക്കാത്തതെന്ന് അസി. എഞ്ചിനീയർ മറുപടി നല്കി. ടി കെട്ടിടം ഉടൻ പ്രവർത്തനക്ഷമമാക്കുന്നതാണെന്നും അറിയിച്ചു. കെട്ടിട നിർമ്മാണം നടത്തുക എന്നതിലുപരിയായി അവയുടെ നിർമ്മാണം കഴിഞ്ഞ് പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യമായ നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്. പരാമർശിത കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-14 നിക്ഷേപ പ്രവൃത്തിയ്ക്കു നൽകിയ തുക -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപപ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ജി.ഡബ്ള്യൂ.ഡി | അംഗൻവാടികൾക്ക് കുടിവെള്ളം | 524000 | ---- | 524000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 379965 | --- | 379965 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 100000 | ---- | 100000 |
| | | | ആകെ | 1003965 |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 1003965/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-15 ഓഡിറ്റ് ഇംപാക്ട്

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ ചുവടെ സൂചിപ്പിയ്ക്കുന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ 11425/-രൂപ അടവാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ | വിഷയം | അടവാക്കിയ തുക | രസീത് നം -തീയതി |
|---|---|---|---|---|
| 1 | 12 | റോഡ് റീടാറിംഗ് പ്രവൃത്തികൾ-ബാരൽ വില ഈടാക്കിയില്ല | 6116 | 118040107100/ 13.02.19 |
| 2 | 18 | കരാർ വയ്ക്കാൻ കാല താമസം പിഴ ഈടാക്കിയില്ല | 1817 | 118040107114/ 13.02.19 |
| 3 | 23 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കൂലിചെലവ് | 3492 | 118040107101,102, 103/.02.19 |

| | | | | |
|---|---|---|---|---|
| | | അനുവദിച്ചു-വിശദീകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച് | | |
| ആകെ | | | | 11425 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| മാടപ്പള്ളിബ്ലോക്ക് പഞ്ചായത്ത് | 14.09.2017 | 800000 | പാലിന് സബ്സിഡി | 800000 | - |
| മാടപ്പള്ളിബ്ലോക്ക് പഞ്ചായത്ത് | 11.01.2018 | 700000 | പെട്ടിയും പറയും | 700000 | 700000 |
| മാടപ്പള്ളിബ്ലോക്ക് പഞ്ചായത്ത് | 28.09.2017 | 300000 | സ്കോളർഷിപ്പ് | 300000 | - |
| മാടപ്പള്ളിബ്ലോക്ക് പഞ്ചായത്ത് | 8.01.2018 | 1400000 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 1400000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ജി.ഡബ്ല്യു.ഡി | അംഗൻവാടികൾക്ക് കുടിവെള്ളം | 524000 | ---- | 524000 |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 379965 | --- | 379965 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 100000 | ---- | 100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| E.M.S ഭവന വായ്പ | സ.ഉ.(ആർ.ടി) 823/10 ത.സ്വ.ഭ.വ, തീയതി. 11.3.10 | 16102500 | 2903276 | ഇല്ല | 1060516 | | 1842760 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള ചാർജ്ജ്/ സർചാർജ്ജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 83621708 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60204658 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ------- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4393 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1094727 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 756 | സി.പി.വേണുഗോപാൽ സെക്രട്ടറി |
| 3-8 | | 910 | ശ്രീ.കീർത്തി മാധവ് അസിസ്റ്റന്റ് എൻജിനീയർ |
| 3-11 | | 2727 | ശ്രീമതി രശ്മി എസ് കുമാർ അസിസ്റ്റന്റ് എൻജിനീയർ |
| | | 4393 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | ഉദ്യോഗപ്പേരും |
| 3-4 | 90762 | ശ്രീമതി ബീമ.എം<br>സെക്രട്ടറി |
| 3-14 | 1003965 | ശ്രീമതി ബീമ.എം<br>സെക്രട്ടറി |
| | 1094727 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി.പി. വേണുഗോപാൽ, സെക്രട്ടറി | സെക്രട്ടറി, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | പാറാട്ട് ഹൗസ്, പുഴവാത്ത് പി.ഒ. ചങ്ങനാശ്ശേരി |
| ശ്രീ. കീർത്തി മാധവ്, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, വാകത്താനം ഗ്രാമപഞ്ചായത്ത് | ശ്രീധാമം, തത്തംപള്ളി പി.ഒ. ആലപ്പുഴ |
| ശ്രീമതി രശ്മി എസ് കുമാർ<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | വാലേപ്പറമ്പിൽ, വടവാതൂർ പി.ഒ. കോട്ടയം |

## 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|

| | | |
|---|---|---|
| | | |
| 1993-94 | എൽ എഫ് കെ പി8/388 /96/11.1.10/ 8.3.10 | 9 |
| 1996-97 | എൽ.എഫ്.കെ.പി3/60/98/ 10.1.10/8.3.10 | 1 |
| 1997-98 ചെലവ് | എൽ.എഫ്.കെ.പി3/751/98/ 10.2.99/2.3.99 | |
| 1998-99 (പ്ലാൻ) | പി8.482/00/16.11.2002. ചാർജ്/സർചാർജ്ജ് പ്രൊപ്പോസൽ അയച്ചത് | 9 |
| 99-2000 | കെ.എസ്.എ.കെ.റ്റി.എം പി10/അദാ.18. 186(5)2018/1.2.2018 | 2 |
| 2000-01, 2001-02 | കെ.എസ്.എ.കെ.റ്റി.എം പി10/അദാ.18. 186(2)2018/1.2.2018 | 7 |
| 1994-95, 1995-96 | പി8/888/08/ 31.3.2009/13.4.2009 | |
| 1998-99 | പി1/190/അദാ/22.2.2011 (ഭാഗം 3 ചെലവ് റിപ്പോർട്ട് നിലനിൽക്കുന്നു എന്ന പരാമർശം മാത്രമെ ഉള്ളൂ) | |
| 2002-03 ഡി സി ബി | പി8- 123/08, 2.5.09/6.7.09 | 10 |
| 2002-03 | പി8/22/05/1.4.05 | 14 |
| 2003-04 | പി8/124/08/2.5.09, 6.7.09 | |
| 2005-06 | പി10/അദാ.18.186(6)2018 /1.2.2018 | 7 |
| 2006-07 | കെ.എസ്.എ -കെ.ടി.എം. പി10/അദാ.18. 186(8)2018/1.2.2018 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം. പി10/അദാ.18. 186(7)2018/1.2.2018 | 6 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി3/1201/13/ 20.3.16 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി3/1137/14/ 1.2.16 | 14 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി3/777/15/ 12.8.16 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി3/1848/16/ 17.2.2017 | 3 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/1879/17/22.1.2018 | 9 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി10//1880/17 22.01.2018 | 19 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി10-242/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 06.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിയ്ക്കുന്ന അപാകതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം